

**ഷഷ്ഠിപൂർത്തി ആഘോഷിക്കുന്ന**
**യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ**
**കോട്ടയം ഭദ്രാസനാധിപൻ**
**നി.വ.ദി.ശ്രീ. തോമസ് മോർ തിമോത്തിയോസ് മെത്രാപ്പോലീത്താ**
**തിരുമനസ്സിലെ 60 വർഷത്തെ ജീവിതത്തിലെ**

# നാഴിക കല്ലുകൾ

ഭീമൻകുപ്പ മിഷൻ സെന്റർ, വെല്ലൂർ ആസ്ഥാനമാക്കിയുള്ള സാന്ത്വന, ബോംബെയിൽ അനാഥ പെൺകുട്ടികളുടെ സംരക്ഷണത്തിനായി തുടങ്ങിയ Nest India Foundation, കോട്ടയം മെഡിക്കൽ കോളേജിൽ എത്തുന്ന അശരണരായ രോഗികളുടെ ആശ്രയകേന്ദ്രമായ ആശ്രയ, അനാഥ പെൺകുട്ടികൾക്കായി തുടങ്ങിയ സ്നേഹിത, ബാംഗ്ലൂരിൽ തുടങ്ങിയ സെന്റ് മേരീസ് പബ്ലിക് സ്കൂൾ, ലൂഥിയാനയിൽ ആരംഭിച്ച സെന്റ് മേരീസ് സെൻട്രൽ സ്കൂൾ, പുറ്റടി ഹോളി ക്രോസ് കോളേജ് ഓഫ് മാനേജ്മെന്റ് & ടെക്നോളജി തുടങ്ങിയ മഹൽപ്രസ്ഥാനങ്ങൾ ആരംഭിക്കുന്നതിനും നല്ല നിലയിൽ പ്രവർത്തിപ്പിക്കുന്നതിനും കാരുണ്യവാനായ ദൈവംതമ്പുരാൻ ഇടയാക്കി.

ബൈബിൾ സൊസൈറ്റി ഓഫ് ഇൻഡ്യ, കേരള ഓക്സിലറി വൈസ് പ്രസിഡന്റായി 2 വർഷം സേവനം അനുഷ്ഠിച്ച തിരുമേനി 4 വർഷക്കാലം ആയതിന്റെ പ്രസിഡന്റായും നിസ്തുലസേവനം അനുഷ്ഠിക്കുകയുണ്ടായി. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ (N.C.C.I.) വൈസ് പ്രസിഡന്റായി 4 വർഷം സേവനം ചെയ്ത തിരുമേനി 1998 ൽ സിംബാബ്വേയിൽ ഹരാരേയിലും 2005 ൽ ബ്രസീലിലും World Council of Churches (WCC) അസംബ്ലികളിൽ സംബന്ധിക്കുകയുണ്ടായി. Vienna Consultations പ്രതിനിധിയായിരുന്ന തിരുമേനിയ്ക്ക് Fellow of Pro. Oriente ബഹുമതിയും ലഭിക്കുകയുണ്ടായി. കോട്ടയത്തെ സെന്റ് ജോസഫ് കത്തീഡ്രലും, ബിഷപ്പ് ഹൗസും ഇന്നത്തെ നിലയിൽ മനോഹരമായി പണികഴിപ്പിച്ചതും തിരുമേനിയുടെ ശ്രമഫലമായിട്ടാണ്. ചൊവ്വാഴ്ച ദിവസങ്ങളിൽചേരുന്ന ഭദ്രാസന പ്രാർത്ഥനാസമാജം, പ്രീ മാരിറ്റൽ കൗൺസലിംഗ് സെന്റർ എന്നിവയെല്ലാം തുടങ്ങിയതിനു പിന്നിൽ പ്രവർത്തിച്ചതും തിരുമേനിയാണ്.

ഹൃദയത്തിൽ ശൂന്യതയും നിക്ഷേപം പുറത്തുമായി കഴിയുന്ന ഇന്നത്തെ സമൂഹത്തിൽ തിരുമേനിയെപ്പോലുള്ളവരുടെ ധന്യമായ ജീവിതം കൂടുതൽ വെളിച്ചം പകരുമെന്നതിൽ സംശയമില്ല. നല്ലവനായ ദൈവത്തിന്റെ പിതൃവിചാരണയിലും പരിപാലനത്തിലും ആശ്രയിച്ചുകൊണ്ട് ദീർഘനാളുകൾ ഈ സഭയെയും സമൂഹത്തെയും സേവിക്കുവാൻ സർവ്വശക്തനായ ദൈവം തിരുമേനിയെ ധാരാളമായി അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

Permission granted by :
**Kuriakose Corepiscopa, Kizhakkedathu**

Prepared by :
**Chev. Shibu P. Mathew, Pullolickal**

Printed at: Dona Printers, M.L. Road, Kottayam. Ph: 2562008



വളരെ ചെറുപ്പത്തിൽത്തന്നെ കർത്ത്യശുശ്രൂഷയ്ക്കായി സ്വയം സമർപ്പിക്കുകയും, യാക്കോബായ സുറിയാനി ക്രിസ്ത്യാനിസഭാ വിശ്വാസത്തിലൂടെ അചഞ്ചലമായി നീങ്ങി, വിദ്യാഭ്യാസ രംഗങ്ങളിൽ തനതായ നേട്ടങ്ങൾ കൊയ്ത്, 45 വർഷക്കാലം പരിശുദ്ധ സഭയേയും സമൂഹത്തെയും സ്വദേശത്തും വിദേശത്തും സ്തുത്യർഹമായ നിലയിൽ സേവിക്കുകയും പ്രത്യേകിച്ച് സഭ പ്രതിസന്ധികളിലൂടെ കടന്നുപോയ കാലഘട്ടങ്ങളിൽ സഭാനേതൃത്വത്തോടൊപ്പം നിന്ന് എല്ലാ വിഷമങ്ങളും തരണം ചെയ്യുവാൻ സഹായിക്കുകയും കേരളത്തിനു പുറത്ത് പരിശുദ്ധ സഭയ്ക്ക് പേരും പ്രശസ്തിയും ഉണ്ടാക്കുന്നതിന് അത്യദ്ധ്വാനം ചെയ്ത തിരുമേനിയെ നമ്മുടെ ഭദ്രാസനാധിപനായി ലഭിച്ചതിൽ അത്യധികം സന്തോഷിക്കുന്നവരും അഭിമാനം കൊള്ളുന്നവരുമാണ് ഞങ്ങൾ.

ഭദ്രാസനത്തിന്റെ ബഹുവിധമായ വളർച്ചയ്ക്കും ആത്മീയ പുരോഗതിക്കും വേണ്ടി തിരുമേനി അക്ഷീണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഭദ്രാസനാംഗങ്ങളുടെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കും ഉയർച്ചയ്ക്കും അത്യദ്ധ്വാനം ചെയ്യുന്ന തിരുമേനി യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയ്ക്ക് മാത്രമല്ല, ഈ പ്രദേശത്തെ ക്രൈസ്തവ സമൂഹത്തിനും പൊതുസമൂഹത്തിനും നൽകിക്കൊണ്ടിരിക്കുന്ന സഹായ സഹകരണങ്ങളും സേവനപ്രവർത്തനങ്ങളും നിസ്തുലമാണ്.

ഈ നാട്ടിലെ പൊതുജീവിതവുമായി വളരെ നല്ല സുഹൃദ്ബന്ധം പുലർത്തിപ്പോരുന്ന തിരുമേനി ജാതിമതചിന്തകൾക്കതീതമായി സാംസ്കാരിക സ്ഥാപനങ്ങൾ, ധർമ്മസ്ഥാപനങ്ങൾ, ആതുരാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കെല്ലാം നിർലോപമായ സഹായവും സഹകരണവും നൽകിക്കൊണ്ടിരിക്കുന്നു. നല്ല മനുഷ്യൻ തന്റെ ഹൃദയത്തിലെ നല്ല നിക്ഷേപങ്ങളിൽനിന്നും നല്ലതു പുറപ്പെടുവിക്കുന്നു. (വി. ലൂക്കോസ് 6.45) എന്ന കർതൃവചനമാണ് സ്വന്തം ജീവിതത്തിലൂടെ തിരുമേനി സാക്ഷാത്കരിച്ചുകൊണ്ടിരിക്കുന്നത്.

അരീപ്പറമ്പ് മുറിയാങ്കൽ ശ്രീ. കുര്യൻ കുരുവിളയുടെയും അന്നമ്മ കുരുവിളയുടെയും മകനായി 11-7-1949 ൽ ജനിച്ചു. പള്ളിക്കുന്നേൽ സി. എം. എസ്. സ്കൂളിൽ പ്രൈമറി വിദ്യാഭ്യാസവും, അമയന്നൂർ ഹൈസ്കൂളിൽനിന്നും ഹൈസ്കൂൾ വിദ്യാഭ്യാസവും, കോട്ടയം ബസേലിയസ് കോളജിൽ നിന്നും പ്രീഡിഗ്രി വിദ്യാഭ്യാസവും, തുടർന്ന് കോട്ടയം സി. എം. എസ്. കോളജിൽനിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ 1972 ൽ ബിരുദാനന്തര ബിരുദവും നേടുകയുണ്ടായി. 9-ാം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന അവസരത്തിൽ 1964, ഫെബ്രുവരി മാസം 24-ാം തീയതി കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആയിരുന്ന നി.വ.ദിശ്രീ. പൗലൂസ് മോർ പീലക്സീനോസ് തിരുമേനിയിൽനിന്നും ശെമ്മാശപ്പട്ടം സ്വീകരിക്കുകയും 1975 മെയ്മാസം 21-ാം തീയതി ഇടവകപള്ളിയായ അരീപ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽവച്ച് നി.വ.ദിശ്രീ. പൗലോസ് മോർ പീലക്സിനോസ് തിരുമേനിയിൽനിന്നും കശ്ശീശാപട്ടം സ്വീകരിക്കുകയും ഉണ്ടായി. കോട്ടയം പഴയ സെമിനാരിയിൽനിന്നും മഞ്ഞനിക്കര മോർ ഇഗ്നേഷ്യസ് ദയറായിൽനിന്നും വൈദിക വിദ്യാഭ്യാസം ആരംഭിച്ച തിരുമേനി 1976 - 1982 കാലഘട്ടത്തിൽ ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നും (Bachelor of Divinity (B.D.) ബിരുദവും Master of Theology ( M.Th) ബിരുദാനന്തരബിരുദവും നേടി. 1975 ൽ അരീപ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽ വൈദികവൃത്തി ആരംഭിക്കുകയും തുടർന്ന് കുന്നംകുളം സിംഹാസനപള്ളിയിൽ വൈദികനായും പെരുമ്പിലാവ്, അക്കിക്കാവ് റ്റി. എം. ഹൈസ്കൂളിൽ അദ്ധ്യാപകനായും സേവനം അനുഷ്ഠിക്കുകയും ചെയ്തു. 1976 ൽ ബാംഗ്ലൂരിലേയ്ക്ക് സ്ഥലം മാറിപോയി അവിടെ ലൂഥറൻ ചർച്ചിലും, തുടർന്ന് യു. റ്റി. കോളേജ് കാമ്പസിൽ ഉള്ള ചാപ്പലിലും ആരാധനകൾ തുടങ്ങിവച്ചു. 1979 ൽ ക്വീൻസ് റോഡിൽ സ്വന്തമായി യാക്കോബായ സഭയ്ക്ക് ഒരു പള്ളി ഉണ്ടാക്കുന്നതിന് നേതൃത്വം നൽകി. 1984 ൽ ഡൽഹിയിലേയ്ക്ക് സ്ഥലം മാറിപ്പോകുന്നതുവരെ ബാംഗ്ലൂർ പള്ളിയുടെ വികാരിയായി തുടർന്നു. ഡൽഹിയിൽ Gole Tak ലുള്ള സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ പള്ളിയും തിരുമേനിയുടെ നേതൃത്വത്തിൻ കീഴിൽ പണിതിട്ടുള്ളതാണ്. 1986 ൽ ജർമനിയിൽ Erlangan-Nuremberg University യിൽ ജർമൻ ഭാഷാ പഠനത്തിനുചേർന്ന് 1988 ൽ ജർമനിയിലെതന്നെ പ്രശസ്ഥമായ Goettingen University, തീയോളജി വിഭാഗത്തിന്റെ കീഴിൽ സുറിയാനി സഭാചരിത്രവും സുറിയാനി ഭാഷാപഠനവും നടത്തി 1990 ൽ രണ്ടാം മാസ്റ്റേഴ്സ് ഡിഗ്രിയും കരസ്ഥമാക്കുകയുണ്ടായി. 1990 ൽ ഇന്ത്യയിൽ തിരികെ എത്തി ഉദയഗിരി തിയോളജിക്കൽ സെമിനാരിയിൽ (M.S.O.T. Seminary) അദ്ധ്യാപകനായി ചേർന്ന് നീണ്ട 9 വർഷക്കാലം സെമിനാരി പ്രസിഡന്റായി സേവനം അനുഷ്ഠിക്കുകയുണ്ടായി. ഈ കാലയളവിൽ 1990 ഡിസംബർ 2-ാം തീയതി അരീപ്പറമ്പ് സെന്റ് മേരീസ് പള്ളിയിൽവച്ച് അഭിവന്ദ്യ യാക്കോബ് മാർ യൂലിയോസ് തിരുമേനിയിൽ നിന്നും റമ്പാൻ സ്ഥാനം സ്വീകരിക്കുകയും 1991 ജനുവരി 3 ന് ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ ഉദയഗിരി സെമിനാരിയിൽവെച്ച് മെത്രാപ്പോലീത്താ ആയി വാഴിക്കുകയും ചെയ്തു. അഭിവന്ദ്യ തോമസ് മോർ തെയോഫിലോസ് തിരുമേനിയുടെ കീഴിൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്ത ആയി സ്ഥാനങ്ങൾ വഹിച്ചുവരവെ 1992 ൽ അഭിവന്ദ്യ തെയോഫിലോസ് തിരുമേനി കാലം ചെയ്തപ്പോൾ ബാഹ്യകേരള മെത്രാപ്പോലീത്ത ആയി അവരോധിക്കപ്പെടുകയും ഉണ്ടായി. 1992 ൽ ബാഹ്യകേരളഭദ്രാസനത്തിന് സ്വന്തമായി ബോംബെയിൽ ഓഫീസ് ആരംഭിച്ച് ഇതേവർഷം മുതൽ ഗൾഫ് രാജ്യങ്ങളിലെ പള്ളികളിലെ മെത്രാപ്പോലീത്താ ആയി ചുമതല ഏറ്റെടുക്കുകയും ചെയ്തു. 1998 ഡിസംബറിൽ കോട്ടയം ഭദ്രാസന സഹായ മെത്രാപ്പോലീത്താ ആയി ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുകയും 1999 ൽ ഭദ്രാസന മെത്രാപ്പോലീത്ത അഭിവന്ദ്യ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (പെരുമ്പള്ളി തിരുമേനി) തിരുമേനി കാലം ചെയ്ത സമയം മുതൽ നാളിതുവരെ ഭദ്രാസന മെത്രാപ്പോലീത്താ ആയി സേവനം അനുഷ്ഠിക്കുകയും ചെയ്യുന്നു. ഇതിന് മുൻപും പിൻപുമായി ബാഹ്യകേരള ഭദ്രാസനത്തിനു കീഴിൽ അൻപതിലധികം പള്ളികൾ ആരംഭിക്കുന്നതിനും 1995 ൽ ബാംഗ്ലൂർ മിഷൻ സെന്റർ തുടങ്ങുന്നതിനും അതിന്റെ കീഴിൽ ഒരു ഹൈസ്കൂളും തൊഴിൽ വിദ്യാഭ്യാസ കേന്ദ്രവും തുടങ്ങുന്നതിനും സാധിച്ച തിരുമേനിയ്ക്ക് ഹൊസൂർ മിഷൻ സെന്റർ,